## ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് പതിനൊന്ന്

## പിതാവിന്റെ ഭവനത്തിൽ— ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ നമുക്കുവേണ്ടി ഒരുക്കപ്പെട്ടിരിക്കുന്ന സ്ഥലത്ത് ജീവിക്കുന്നു

MC *Hymns*: ML6, ML95

തിരുവെഴുത്ത് വായന: യോഹ. 14:1-3, 6, 10-11, 20, 23; 1:4, 14, 16; 11:25

യോഹ. 14:1 നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകുവാൻ ഇടവരരുത്; ദൈവത്തിലേക്കു വിശ്വസിക്കുവിൻ, എന്നിലേക്കും വിശ്വസിക്കുവിൻ.

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

യോഹ. 14:3 ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ആയിരിക്കുന്ന ഇടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്, ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്നോടുതന്നെ ചേർത്തുകൊള്ളും.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

യോഹ. 14:11 ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

**I. നാം ദൈവത്തിലേക്ക് വിശ്വസിക്കുകയും അതുവഴി ദൈവത്തിലേക്ക് പ്രവേശിക്കുകയും വേണം എന്നതാണ് യോഹന്നാൻ 14-ന്റെ കേന്ദ്ര ചിന്ത—വാ. 1:**

John 14 be omitted.

യോഹ. 14:1 നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകുവാൻ ഇടവരരുത്; ദൈവത്തിലേക്കു വിശ്വസിക്കുവിൻ, എന്നിലേക്കും വിശ്വസിക്കുവിൻ.

A. ദൈവത്തിൽ വിശ്വസിക്കുന്നത് വസ്തുനിഷ്ഠമാണ്, എന്നാൽ ദൈവത്തിലേക്ക് വിശ്വസിക്കുന്നത് വ്യക്തിനിഷ്ഠമാണ്; വ്യക്തിനിഷ്ഠമായ വിശ്വാസമാണ് നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരുന്നത്.

B. കർത്താവിലേക്ക് വിശ്വസിക്കുന്നതിലൂടെയാണ് അവനുമായി ഒന്നായിരിക്കുവാനും, അവനിൽ പങ്കുകൊള്ളുവാനും, അവൻ നമുക്കുവേണ്ടി ചെയ്തിട്ടുള്ള എല്ലാ കാര്യങ്ങളിലും പങ്കുചേരുവാനും നാം അവനിലേക്ക് പ്രവേശിക്കുന്നത്—3:15.

യോഹ. 3:15 അവനിലേക്കു വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകേണ്ടതിനു തന്നെ.

C. ക്രിസ്തുവിലേക്ക് വിശ്വസിക്കുന്നതിലൂടെ, നമുക്ക് അവനുമായി ഒരു ജൈവിക ഐക്യം ഉണ്ടായിരിക്കുകയും, നാം ഇരുവരും ഒന്നായിരിക്കത്തക്കവണ്ണം അവനിലേക്ക് നമ്മുടെ ആളത്തം ലയിപ്പിക്കപ്പെടുകയും ചെയ്യുന്നു—15:4-5.

യോഹ. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

യോഹ. 15:5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

**II. പിതാവിന്റെ ഭവനം തന്റെ വാസസ്ഥലത്തിനും ആവിഷ്കാരത്തിനുമായി വിശ്വാസികളെ ഒരു ജൈവരൂപമായി കെട്ടുപണി ചെയ്യത്തക്കവണ്ണം അവരുമായി പൂർണമായി ഇഴുകിച്ചേരുന്നതിനായി—ജഡാവതരാം, ക്രൂശുമരണം, പുനരുത്ഥാനം എന്നിവയിലൂടെ—തന്നെത്തന്നെ അവരിലേക്ക് പണിതുചേർക്കുന്ന ത്രിയേക ദൈവത്തിന്റെ വിഷയമാണ്—14:2-3, 23:**

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

യോഹ. 14:3 ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ആയിരിക്കുന്ന ഇടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്, ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്നോടുതന്നെ ചേർത്തുകൊള്ളും.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

A. 2:16-ലെ *എന്റെ പിതാവിന്റെ ഭവനം* ഭൂമിയിലെ ദൈവത്തിന്റെ വാസസ്ഥലമായ ആലയത്തെ സൂചിപ്പിക്കുന്നു; പുനരുത്ഥാനത്തിൽ ക്രിസ്തുവിന്റെ ശരീരമായി വികാസംപ്രാപിച്ച യേശുവിന്റെ ശരീരത്തിന്റെ ഒരു മുൻകുറി, അഥവാ പ്രതിരൂപമാണ് ആലയം—19-22.

യോഹ. 2:16 പ്രാവുകളെ വിൽക്കുന്നവരോട്, ഇവയെ ഇവിടെനിന്ന് എടുത്തുമാറ്റുവിൻ; എന്റെ പിതാവിന്റെ ഭവനത്തെ വാണിജ്യഭവനമാക്കരുത് എന്ന് അവൻ പറഞ്ഞു.

യോഹ. 2:19 യേശു അവരോട്, ഈ ദൈവാലയത്തെ നശിപ്പിക്കുവിൻ, മൂന്നു നാളുകളിൽ ഞാൻ അതിനെ ഉയിർത്തും എന്ന് ഉത്തരം പറഞ്ഞു.

യോഹ. 2:20 അപ്പോൾ യെഹൂദന്മാർ, നാൽപത്താറു വർഷം കൊണ്ട് ഈ ആലയം പണിതു, മൂന്നു നാളുകളിൽ നീ അതിനെ ഉയർത്തുമോ? എന്നു ചോദിച്ചു.

യോഹ. 2:21 അവനോ തന്റെ ശരീരമെന്ന ആലയത്തെക്കുറിച്ചത്രേ സംസാരിച്ചത്.

യോഹ. 2:22 അതിനാൽ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവൻ ഇത് പറഞ്ഞിരുന്നു എന്ന് അവന്റെ ശിഷ്യന്മാർ ഓർത്തു, അവർ തിരുവെഴുത്തും യേശു സംസാരിച്ച വചനവും വിശ്വസിച്ചു.

B. 14:2-ലെ *എന്റെ പിതാവിന്റെ ഭവനം* ദൈവത്തിന്റെ ഭവനമായ സഭ എന്ന ക്രിസ്തുവിന്റെ ശരീരമാണ്—എഫെ. 1:22-23; 2:21-22; 1 തിമൊ. 3:15.

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

1 തിമൊ. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

C. തന്റെ വീണ്ടെടുക്കപ്പെട്ടവരും, വീണ്ടുംജനിപ്പിക്കപ്പെട്ടവരും, രൂപാന്തരപ്പെട്ടവരുമായ വ്രതന്മാരുമായി സംരചിക്കപ്പെട്ടിരിക്കുന്ന പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ദൈവത്തിന്റെ ദിവ്യവും മാനുഷികവുമായ സംയോജനമാണ് പിതാവിന്റെ ഭവനം—യോഹ. 14:20.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

D. പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്—വാ. 2:

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

1. അനേകം വാസസ്ഥലങ്ങൾ ദൈവത്തിന്റെ ആലയമായ ക്രിസ്തുവിന്റെ ശരീരത്തിലെ അനേകം അവയവങ്ങളാണ്—റോമ. 12:5; 1 കൊരി. 3:16-17.

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

1 കൊരി. 3:16 നിങ്ങൾ ദൈവത്തിന്റെ ആലയം എന്നും ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ?

1 കൊരി. 3:17 ആരെങ്കിലും ദൈവത്തിന്റെ ആലയത്തെ നശിപ്പിച്ചാൽ, ദൈവം അവനെ നശിപ്പിക്കും; ദൈവത്തിന്റെ ആലയം വിശുദ്ധമാകുന്നു, നിങ്ങളും അങ്ങനെതന്നെ.

2. ക്രിസ്തുവിലുള്ള എല്ലാ വിശ്വാസികളും ദൈവത്തിന്റെ കെട്ടിടമായ പിതാവിന്റെ ഭവനത്തിലെ വാസസ്ഥലങ്ങളാണ്; ഈ കെട്ടിടം ക്രിസ്തുവിന്റെ ശരീരമാണ്—എഫെ. 1:22-23; 2:21-22; 5:30; 1 കൊരി. 12:27.

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

എഫെ. 5:30 നാം അവന്റെ ശരീരത്തിലെ അവയവങ്ങൾ ആകുന്നുവല്ലോ.

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

E. *ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു* എന്നതിനർഥം, കർത്താവ് ഒരു സ്ഥലം ഒരുക്കുകയും, വീണ്ടെടുപ്പ് നിവർത്തിക്കുകയും, വഴി തുറക്കുകയും, ദൈവത്തിലേക്ക് പ്രവേശിക്കുവാൻ നമുക്കൊരു നില്പ് നൽകുകയും ചെയ്യും എന്നാണ്—യോഹ. 14:2-3, 6:

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

യോഹ. 14:3 ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ആയിരിക്കുന്ന ഇടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്, ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്നോടുതന്നെ ചേർത്തുകൊള്ളും.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

1. മരണപുനരുത്ഥാനങ്ങളിലൂടെ കർത്താവായ യേശു നമ്മെ ദൈവത്തിലേക്ക് കൊണ്ടുവരാനുള്ള പാത നിരത്തുകയും സ്ഥലം ഒരുക്കുകയും ചെയ്തു—വാ. 20.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

2. തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ അവൻ ദൈവമുമ്പാകെയും ദൈവത്തിലും നമുക്കായി ഒരു നില്പ് ഒരുക്കി; ഈ വിധത്തിൽ അവൻ നമുക്കായി ദൈവത്തിൽ ഒരു സ്ഥലം ഒരുക്കി—വാ. 2-3, 6.

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

യോഹ. 14:3 ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ആയിരിക്കുന്ന ഇടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്, ഞാൻ

വീണ്ടും വന്ന് നിങ്ങളെ എന്നോടുതന്നെ ചേർത്തുകൊള്ളും.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

3. ദൈവത്തിലുള്ള നില്പ്, വികാസംപ്രാപിച്ചിട്ട് ക്രിസ്തുവിന്റെ ശരീരത്തിലുള്ള നില്പായിത്തീരുന്നു—റോമ. 12:4-5; എഫെ. 5:30; 1 കൊരി. 12:27:

റോമ. 12:4 ഒരു ശരീരത്തിൽ പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, എല്ലാ അവയവങ്ങൾക്കും ഒരേ പ്രവർത്തനം അല്ലാതിരിക്കുകയും ചെയ്യുന്നതുപോലെ,

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു.

എഫെ. 5:30 നാം അവന്റെ ശരീരത്തിലെ അവയവങ്ങൾ ആകുന്നുവല്ലോ.

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

a. ദൈവത്തിൽ ഒരു നില്പ്, ഒരു സ്ഥലം ഇല്ലാത്ത ഒരുവന്, പിതാവിന്റെ ഭവനവും, ദൈവത്തിന്റെ വാസസ്ഥലവുമായ ക്രിസ്തുവിന്റെ ശരീരത്തിൽ ഒരു സ്ഥലമില്ല—എഫെ. 1:22-23; 2:21-22.

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

എഫെ. 2:21 അവനിൽ കെട്ടിടം മുഴുവൻ, യുക്തമായി ചേർന്ന്, കർത്താവിൽ വിശുദ്ധ ആലയമായി വളരുന്നു;

എഫെ. 2:22 അവനിൽ, നിങ്ങളും ആത്മാവിൽ ദൈവത്തിന്റെ വാസസ്ഥലമായി ഒന്നിച്ചു പണിയപ്പെടുന്നു.

b. ക്രിസ്തുവിലുള്ള വിശ്വാസികളെന്ന നിലയിൽ, നമുക്കെല്ലാവർക്കും ദൈവത്തിൽ ഒരു സ്ഥലവും ശരീരത്തിൽ ഒരു സ്ഥലവും ഉണ്ട്; ഇപ്പോൾ ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ നമുക്കുവേണ്ടി ഒരുക്കിയിരിക്കുന്ന സ്ഥലത്ത് നാം ജീവിക്കണം—യോഹ. 14: 2-3, 20; 1 കൊരി. 12:27.

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

യോഹ. 14:3 ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ആയിരിക്കുന്ന ഇടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്, ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്നോടുതന്നെ ചേർത്തുകൊള്ളും.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

1 കൊരി. 12:27 നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു.

F. കർത്താവിന്റെ വരവ് ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുകയും, അവന്റെ പോക്ക് മനുഷ്യനെ ദൈവത്തിലേക്ക് കൊണ്ടുവരുകയും ചെയ്തു; ഈ പോക്കുവരവുകളിലൂടെ ദൈവത്തെ മനുഷ്യനിലേക്കും മനുഷ്യനെ ദൈവത്തിലേക്കും പണിതുകൊണ്ട് അവൻ ദൈവത്തിന്റെ ഭവനം പണിയുന്നു—യോഹ. 1:14; 10:10; 14:2-3.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 10:10 ...അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

യോഹ. 14:3 ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ആയിരിക്കുന്ന ഇടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്, ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്നോടുതന്നെ ചേർത്തുകൊള്ളും.

G. ആത്മാവിനാലും അവന്റെ മരണപുനരുത്ഥാനങ്ങളിലൂടെയും ദൈവപുത്രനായ കർത്താവായ യേശു ക്രിസ്തു, തന്റെ തിരഞ്ഞെടുക്കപ്പെടുകയും വീണ്ടെടുക്കപ്പെടുകയും ചെയ്ത ജനവുമായുള്ള ത്രിയേക ദൈവത്തിന്റെ ഇഴുകിച്ചേരലിലൂടെ ഉളവാക്കപ്പെടുന്ന തന്റെ ശരീരവും പിതാവിന്റെ ഭവനവുമായ സഭയെന്ന ഒരു ജൈവരൂപത്തെ പണിയുന്നു—വാ. 7-24.

യോഹ. 14:7 നിങ്ങൾ എന്നെ അറിഞ്ഞിരുന്നു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇപ്പോൾ മുതൽ നിങ്ങൾ അവനെ അറിയുന്നു, അവനെ കണ്ടുമിരിക്കുന്നു.

യോഹ. 14:8 ഫിലിപ്പൊസ് അവനോട്, കർത്താവേ, ഞങ്ങൾക്കു പിതാവിനെ കാണിച്ചുതരേണം, ഞങ്ങൾക്ക് അതു മതി എന്നു പറഞ്ഞു.

യോഹ. 14:9 യേശു അവനോട്, ഇത്രയും ദീർഘകാലം ഞാൻ നിങ്ങളുടെകൂടെ ഉണ്ടായിരുന്നിട്ടും, നീ എന്നെ അറിഞ്ഞില്ലയോ, ഫിലിപ്പൊസേ? എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു; പിതാവിനെ ഞങ്ങൾക്കു കാണിച്ചു തരേണം, എന്നു നീ പറയുന്നത് എങ്ങനെ?

യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

യോഹ. 14:11 `ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ.

യോഹ. 14:12 `സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ ചെയ്യുന്ന പ്രവൃത്തികൾ എന്നിലേക്കു വിശ്വസിക്കുന്നവനും ചെയ്യും; ഞാൻ പിതാവിന്റെ അടുക്കലേക്ക് പോകുന്നതിനാൽ ഇവയിലും വലിയവ അവൻ ചെയ്യും.

യോഹ. 14:13 `നിങ്ങൾ എന്റെ നാമത്തിൽ എന്തു ചോദിച്ചാലും, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്, അതു ഞാൻ ചെയ്യും.

യോഹ. 14:14 `നിങ്ങൾ എന്റെ നാമത്തിൽ എന്നോട് എന്തെങ്കിലും ചോദിച്ചാൽ, അതു ഞാൻ ചെയ്യും.

യോഹ. 14:15 നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ, എന്റെ കൽപനകൾ കാത്തുകൊള്ളും.

യോഹ. 14:16 ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും,

യോഹ. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

യോഹ. 14:18 ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു.

യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

യോഹ. 14:21 എന്റെ കൽപനകൾ ഉണ്ടായിരിക്കുകയും അവയെ പാലിക്കുകയും ചെയ്യുന്നവനാകുന്നു എന്നെ സ്നേഹിക്കുന്നവൻ; എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കും, ഞാൻ അവനെ സ്നേഹിക്കുകയും എന്നെത്തന്നെ അവന് വെളിവാക്കുകയും ചെയ്യും.

യോഹ. 14:22 ഈസ്കര്യോത്താവല്ലാത്ത യൂദാ അവനോട്, കർത്താവേ, ലോകത്തിനല്ല ഞങ്ങൾക്കു നിന്നെത്തന്നെ വെളിവാക്കുവാൻ പോകുന്നു എന്നതിന്, എന്ത് സംഭവിച്ചിരിക്കുന്നു? എന്നു ചോദിച്ചു.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

യോഹ. 14:24 എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനങ്ങളെ പാലിക്കുന്നില്ല; നിങ്ങൾ കേൾക്കുന്ന വചനമോ, എന്റേതല്ല, എന്നെ അയച്ച പിതാവിന്റേതത്രേ.

H. ആത്മാവിനോടുകൂടെ പിതാവും പുത്രനും വീണ്ടെടുക്കപ്പെട്ട വ്രതന്മരെ നിരന്തരം സന്ദർശിക്കുന്നതിലൂടെ പിതാവിന്റെ ഭവനം പണിയപ്പെടുന്നു—വാ. 23.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

I. പിതാവിന്റെ ഭവനം മൂന്ന് ഘട്ടങ്ങളിലാണ്: ദൈവത്തിന്റെ ജഡാവതാരത്തിന്റെ ഘട്ടവും, സഭയായി പണിയപ്പെടുന്നതിന് തന്റെ വിശ്വാസികളുമായുള്ള

ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ഘട്ടവും, പുതിയ യെരൂശലേം എന്ന പരിണതിപ്രാപിച്ച ഘട്ടവും—2:19-21; വെളി. 21:2-3, 9-10.

യോഹ. 2:19 യേശു അവരോട്, ഈ ദൈവാലയത്തെ നശിപ്പിക്കുവിൻ, മൂന്നു നാളുകളിൽ ഞാൻ അതിനെ ഉയിർത്തും എന്ന് ഉത്തരം പറഞ്ഞു.

യോഹ. 2:20 അപ്പോൾ യെഹൂദന്മാർ, നാൽപത്താറു വർഷം കൊണ്ട് ഈ ആലയം പണിതു, മൂന്നു നാളുകളിൽ നീ അതിനെ ഉയർത്തുമോ? എന്നു ചോദിച്ചു.

യോഹ. 2:21 അവനോ തന്റെ ശരീരമെന്ന ആലയത്തെക്കുറിച്ചത്രേ സംസാരിച്ചത്.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:3 സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും.

വെളി. 21:9 ഒടുക്കത്തെ ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, ഇവിടെ വരിക; കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു.

വെളി. 21:10 അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

**III. പിതാവിന്റെ ഭവനമായ സഭ, പിതാവായ ദൈവത്തിലാണ്—യോഹ. 14:2, 20; 1 തെസ്സ. 1:1; 2 തെസ്സ. 1:1:**

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

1 തെസ്സ. 1:1 പൗലൊസും സില്വാനൊസും തിമൊഥെയൊസും പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ള തെസ്സലൊനീക്യരുടെ സഭയ്ക്ക്: നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ.

2 തെസ്സ. 1:1 പൗലൊസും സില്വാനൊസും തിമൊഥെയൊസും നമ്മുടെ പിതാവായ ദൈവത്തിലും കർത്താവായ യേശു ക്രിസ്തുവിലുമുള്ള തെസ്സലൊനീക്യരുടെ സഭയ്ക്ക്:

A. സഭ പിതാവായ ദൈവത്തിൽ ആയിരിക്കണമെങ്കിൽ, ദൈവം നമുക്ക് പിതാവായിത്തീരുകയും, നമുക്ക് അവനുമായി ഒരു ജീവ ബന്ധം ഉണ്ടായിരിക്കുകയും വേണം—യോഹ. 20:17:

യോഹ. 20:17 യേശു അവളോട്, എന്നെ തൊടരുത്, എന്തെന്നാൽ ഞാൻ ഇതുവരെ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തിട്ടില്ല; എന്നാൽ എന്റെ സഹോദരന്മാരുടെ അടുക്കൽ പോയി അവരോട്, എന്റെ പിതാവും

നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുക്കലേക്ക് ഞാൻ ആരോഹണം ചെയ്യുന്നു എന്നു പറയുക.

1. പുതിയനിയമത്തിൽ *പിതാവ്* ജീവന്റെ ഉറവിടത്തെ സൂചിപ്പിക്കുന്നു—5:26.

   യോഹ. 5:26 പിതാവിനു തന്നിൽത്തന്നെ ജീവൻ ഉള്ളതുപോലെ, പുത്രനും തന്നിൽത്തന്നെ ജീവൻ ഉണ്ടായിരിക്കുവാൻ നൽകിയിരിക്കുന്നു.

2. *ദൈവം* എന്ന അഭിധാനം സൃഷ്ടിപ്പിനെ പരാമർശിക്കുന്നു; *പിതാവ്* എന്ന അഭിധാനം ജീവന്റെ പകർച്ചയെയും പെരുക്കത്തെയും സൂചിപ്പിക്കുന്നു—1 യോഹ. 3:1.

   1 യോഹ. 3:1 ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു. ലോകം അവനെ അറിയാത്തതുകൊണ്ട്, ഇതു നിമിത്തം നമ്മെ അറിയുന്നില്ല.

3. ദൈവം ഇനിമേൽ കേവലം നമ്മുടെ സ്രഷ്ടാവല്ല; അവൻ നമ്മുടെ പിതാവും, അഥവാ നമ്മുടെ ജനകനും ആണ്, കാരണം അവൻ തന്റെ ജീവനാൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു—യോഹ. 1:12-13.

   യോഹ. 1:12 എന്നാൽ അവനെ സ്വീകരിച്ചവർക്ക് അത്രയും, അവന്റെ നാമത്തിലേക്കു വിശ്വസിച്ചവർക്കുതന്നെ, ദൈവമക്കൾ ആകുവാൻ അവൻ അധികാരം നൽകി,

   യോഹ. 1:13 അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഹിതത്തിൽ നിന്നല്ല, മനുഷ്യന്റെ ഹിതത്തിൽ നിന്നുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്.

4. നാം ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നതുകൊണ്ട് നമുക്ക് ദൈവത്തെ നമ്മുടെ പിതാവ് എന്നു വിളിക്കാം; ഇപ്പോൾ അവന്റെ മക്കളായ നമുക്ക് അവനുമായി ഒരു ജീവ ബന്ധമുണ്ട്—റോമ. 8:15-16.

   റോമ. 8:15 നിങ്ങളെ വീണ്ടും ഭയത്തിലേക്ക് കൊണ്ടുവരുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, നാം അബ്ബാ പിതാവേ! എന്ന് നിലവിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെയത്രേ നിങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

   റോമ. 8:16 നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു.

5. അവന്റെ ജീവൻ-വിടുവിക്കുന്ന മരണത്തിലൂടെയും ജീവൻ-പകരുന്ന പുനരുത്ഥാനത്തിലൂടെയും കർത്താവ് നമ്മെ അവനുമായി ഒന്നാക്കിയിരിക്കുന്നു; അവന്റെ പിതാവ് ഇപ്പോൾ നമ്മുടെ പിതാവാണ്—യോഹ. 20:17.

   യോഹ. 20:17 യേശു അവളോട്, എന്നെ തൊടരുത്, എന്തെന്നാൽ ഞാൻ ഇതുവരെ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തിട്ടില്ല; എന്നാൽ എന്റെ സഹോദരന്മാരുടെ അടുക്കൽ പോയി അവരോട്, എന്റെ പിതാവും നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുക്കലേക്ക് ഞാൻ ആരോഹണം ചെയ്യുന്നു എന്നു പറയുക.

6. തന്റെ മരണപുനരുത്ഥാനങ്ങളിലൂടെ കർത്താവായ യേശു നമ്മെ അവനിലേക്ക് കൊണ്ടുവന്നു; അവൻ പിതാവിലായതിനാൽ, കർത്താവായ യേശുവിൽ ആയിരിക്കുന്നതിലൂടെ നാം പിതാവിലാണ്—14:20.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

B. സഭ പിതാവായ ദൈവത്തിലായിരിക്കുന്നു എന്നതുകൊണ്ട് അർഥമാക്കുന്നത് സഭ നിസ്തുലമായ സ്രോതസ്സും, കാരണഭൂതനും, പ്രാരംഭകനുമായ ഒരുവനിലാകുന്നു എന്നാണ്—1 കൊരി. 8:6:

1 കൊരി. 8:6 നമുക്ക് പിതാവായ ഏക ദൈവമേയുള്ളൂ, സകലവും അവനിൽ നിന്നും, നാം അവങ്കലേക്കും ആകുന്നു; യേശു ക്രിസ്തു എന്ന ഏക കർത്താവുമുണ്ട്, അവൻ മുഖാന്തരം സകലവും, നാം അവൻ മുഖാന്തരവും ആകുന്നു.

1. ദൈവത്തെ പിതാവായി അറിയുകയെന്നാൽ, സകലവും അവനിൽനിന്ന് ഉത്ഭവിക്കുന്നുവെന്നും സകലവും അവനിൽനിന്ന് വരുന്നു എന്നും അറിയുന്നതാണ്—മത്താ. 15:13; റോമ. 11:36.

മത്താ. 15:13 അവൻ ഉത്തരം പറഞ്ഞു, സ്വർഗസ്ഥനായ എന്റെ പിതാവ് നട്ടിട്ടില്ലാത്ത സകല ചെടിയും പിഴുതെടുക്കപ്പെടും.

റോമ. 11:36 സകലവും അവനിൽനിന്നും അവനിലൂടെയും അവനിലേക്കും ആകുന്നുവല്ലോ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ.

2. സഭാജീവിതത്തിൽ പിതാവ് നിസ്തുലമായ ഉറവിടമായിരിക്കുകയും, നാമെല്ലാവരും അവന്റെ നിസ്തുലമായ ഉദ്ദേശ്യത്തിലും പദ്ധതിയിലും ആയിരിക്കുകയും വേണം—2 തിമൊ. 1:9; റോമ. 8:28.

2 തിമൊ. 1:9 അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളിയാൽ വിളിക്കുകയും ചെയ്തത്, നമ്മുടെ പ്രവൃത്തികൾക്കൊത്തവണ്ണമല്ല തന്റെ സ്വന്തം ഉദ്ദേശ്യത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ, അത് യുഗങ്ങളുടെ കാലങ്ങൾക്കു മുമ്പേ ക്രിസ്തു യേശുവിൽ നമുക്കു നൽകപ്പെട്ടിരുന്നു,

റോമ. 8:28 ദൈവത്തെ സ്നേഹിക്കുന്നവർക്ക്, തന്റെ ഉദ്ദേശ്യപ്രകാരം വിളിക്കപ്പെട്ടവർക്ക്, സകല കാര്യങ്ങളും നന്മയ്ക്കായി ഒന്നിച്ച് പ്രവർത്തിക്കുന്നു എന്ന് നാം അറിയുന്നു.

**IV. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നതിന്റെ അന്തഃസ്ഥിതമായ പ്രാധാന്യം നാം കാണേണ്ടതാവശ്യമാണ്—യോഹ. 14: 2-3, 23:**

യോഹ. 14:2 എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്; അങ്ങനെ അല്ലായിരുന്നെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.

യോഹ. 14:3 ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ആയിരിക്കുന്ന ഇടത്ത് നിങ്ങളും ആയിരിക്കേണ്ടതിന്, ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്നോടുതന്നെ ചേർത്തുകൊള്ളും.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

A. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് ജീവനായ ത്രിയേക ദൈവത്തിൽ ജീവിക്കുന്നതാണ്—1:4; 5:26; 6:53; 11:25; 14:6.

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 5:26 പിതാവിനു തന്നിൽത്തന്നെ ജീവൻ ഉള്ളതുപോലെ, പുത്രനും തന്നിൽത്തന്നെ ജീവൻ ഉണ്ടായിരിക്കുവാൻ നൽകിയിരിക്കുന്നു.

യോഹ. 6:53 അതുകൊണ്ട് യേശു അവരോട് പറഞ്ഞു, സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം പാനം ചെയ്യാതെയും നിങ്ങളുടെ ഉള്ളിൽ നിങ്ങൾക്ക് ജീവൻ ഇല്ല.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

B. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് വെളിച്ചത്തിൽ ജീവിക്കുന്നതാണ്—1:4; 8:12.

യോഹ. 1:4 അവനിൽ ജീവൻ ഉണ്ടായിരുന്നു, ജീവൻ മനുഷ്യരുടെ വെളിച്ചം ആയിരുന്നു.

യോഹ. 8:12 അതുകൊണ്ട് യേശു പിന്നെയും അവരോട് ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഒരുവിധത്തിലും ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും എന്നു പറഞ്ഞു.

C. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് പുനരുത്ഥാനത്തിൽ ജീവിക്കുന്നതാണ്—11:25.

യോഹ. 11:25 യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും;

D. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് കൃപയിലും യാഥാർഥ്യത്തിലും ജീവിക്കുന്നതാണ്—1:14, 16-17; 14:6; 16:13.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

യോഹ. 1:16 അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

യോഹ. 1:17 ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

യോഹ. 14:6 യേശു അവനോട്, വഴിയും യാഥാർഥ്യവും ജീവനും ഞാൻ ആകുന്നു; എന്നിലൂടെ അല്ലാതെ ആരും പിതാവിന്റെ അടുക്കൽ വരുന്നില്ല.

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

E. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് ദിവ്യ തേജസ്സിൽ ജീവിക്കുന്നതാണ്—17:22-23.

യോഹ. 17:22 നാം ഒന്നാകുന്നതുപോലെ അവർ ഒന്നാകേണ്ടതിന്, നീ എനിക്ക് നൽകിയിരിക്കുന്ന തേജസ്സ് ഞാൻ അവർക്ക് നൽകിയിരിക്കുന്നു;

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും

ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

F. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് പ്രർഥനയുടെയും ആരാധനയുടെയും ഭവനത്തിൽ ജീവിക്കുന്നതാണ്—14:13; 15:7, 16; 16:23-24; 4:23-24.

യോഹ. 14:13 നിങ്ങൾ എന്റെ നാമത്തിൽ എന്തു ചോദിച്ചാലും, പിതാവ് പുത്രനിൽ മഹത്വപ്പെടേണ്ടതിന്, അതു ഞാൻ ചെയ്യും.

യോഹ. 15:7 നിങ്ങൾ എന്നിൽ വസിക്കുകയും എന്റെ വചനം നിങ്ങളിൽ വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നിങ്ങൾ ഇച്ഛിക്കുന്നത് എന്തും ചോദിക്കുവിൻ, അതു നിങ്ങൾക്ക് ചെയ്തുതരും.

യോഹ. 15:16 നിങ്ങൾ എന്നെ തിരഞ്ഞെടുത്തില്ല, എന്നാൽ ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു, നിങ്ങൾ പുറപ്പെട്ടുപോയി ഫലം കായ്ക്കേണ്ടതിനും നിങ്ങളുടെ ഫലം, നിലനിൽക്കേണ്ടതിനും ഞാൻ നിങ്ങളെ ആക്കിവച്ചിരിക്കുന്നു, എന്റെ നാമത്തിൽ നിങ്ങൾ പിതാവിനോട് എന്തു ചോദിച്ചാലും അവൻ നിങ്ങൾക്കു നൽകേണ്ടതിനു തന്നെ.

യോഹ. 16:23 ആ നാളിൽ നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല. സത്യമായി, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് എന്തു ചോദിച്ചാലും, അവൻ നിങ്ങൾക്കു തരും.

യോഹ. 16:24 ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നിനും ചോദിച്ചിട്ടില്ല; ചോദിക്കുവിൻ, നിങ്ങളുടെ സന്തോഷം പൂർണമാകേണ്ടതിനു നിങ്ങൾക്കു ലഭിക്കും.

യോഹ. 4:23 എന്നാൽ സത്യാരാധകർ പിതാവിനെ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കുന്ന നാഴിക വരുന്നു, ഇപ്പോൾ ആകുകയും ചെയ്യുന്നു, പിതാവും തന്നെ ആരാധിക്കുവാൻ അങ്ങനെയുള്ളവരെ അന്വേഷിക്കുന്നു.

യോഹ. 4:24 ദൈവം ആത്മാവ് ആകുന്നു, അവനെ ആരാധിക്കുന്നവർ ആത്മാവിലും സത്യസന്ധതയിലും ആരാധിക്കണം.

G. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് മേയ്പിൻ ജീവിതം ജീവിക്കുന്നതാണ്—10:10-11, 15-17; 21:15-17.

യോഹ. 10:10 മോഷ്ടിക്കുവാനും കൊല്ലുവാനും നശിപ്പിക്കുവാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്ക് ജീവൻ ഉണ്ടാകുവാനും സമൃദ്ധമായി ഉണ്ടാകുവാനും ഞാൻ വന്നിരിക്കുന്നു.

യോഹ. 10:11 ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കുവേണ്ടി തന്റെ ജീവനെ വച്ചുകൊടുക്കുന്നു.

യോഹ. 10:15 പിതാവ് എന്നെ അറിയുകയും ഞാൻ പിതാവിനെ അറിയുകയും ചെയ്യുന്നതുപോലെ തന്നെ; ആടുകൾക്കുവേണ്ടി ഞാൻ എന്റെ ജീവനെ വച്ചുകൊടുക്കുന്നു.

യോഹ. 10:16 ഈ ആലയിൽനിന്നല്ലാത്ത വേറെ ആടുകളും എനിക്കുണ്ട്; ഞാൻ അവയെയും നയിക്കേണ്ടതാകുന്നു, അവ എന്റെ ശബ്ദം കേൾക്കുകയും, ഒരു ആട്ടിൻകൂട്ടവും, ഒരു ഇടയനും ആകുകയും ചെയ്യും.

യോഹ. 10:17 എന്റെ ജീവനെ വീണ്ടും എടുക്കേണ്ടതിന്, ഞാൻ അതിനെ

വച്ചുകൊടുക്കുന്നതുകൊണ്ട്, പിതാവ് എന്നെ സ്നേഹിക്കുന്നു.

യോഹ. 21:15 പിന്നെ അവർ പ്രാതൽ കഴിച്ചശേഷം, യേശു ശിമോൻ പത്രൊസിനോട്, യോഹന്നാന്റെ മകനായ ശിമോനേ, ഇവയിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ്, കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ കുഞ്ഞാടുകളെ പോഷിപ്പിക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:16 രണ്ടാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. അവൻ അവനോട്, ഉവ്വ് കർത്താവേ, ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു. എന്റെ ആടുകളെ മേയ്ക്കുക എന്ന് അവൻ അവനോട് പറഞ്ഞു.

യോഹ. 21:17 മൂന്നാമതും അവൻ അവനോട്, യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. നീ എന്നെ സ്നേഹിക്കുന്നുവോ? എന്നു അവൻ മൂന്നാമതും തന്നോടു ചോദിച്ചതിനാൽ പത്രൊസ് ദുഃഖിതനായി. അവൻ അവനോട്, കർത്താവേ, നിനക്ക് എല്ലാം അറിയാം; ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു എന്നു പറഞ്ഞു. യേശു അവനോട്, എന്റെ ആടുകളെ പോഷിപ്പിക്കുക.

H. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് ദൈവത്തിന്റെ കെട്ടിടത്തിലും കെട്ടിടത്തിനുവേണ്ടിയും ജീവിക്കുന്നതാണ്—2:19-21; 14:23.

യോഹ. 2:19 യേശു അവരോട്, ഈ ദൈവാലയത്തെ നശിപ്പിക്കുവിൻ, മൂന്നു നാളുകളിൽ ഞാൻ അതിനെ ഉയിർത്തും എന്ന് ഉത്തരം പറഞ്ഞു.

യോഹ. 2:20 അപ്പോൾ യെഹൂദന്മാർ, നാൽപത്താറു വർഷം കൊണ്ട് ഈ ആലയം പണിതു, മൂന്നു നാളുകളിൽ നീ അതിനെ ഉയർത്തുമോ? എന്നു ചോദിച്ചു.

യോഹ. 2:21 അവനോ തന്റെ ശരീരമെന്ന ആലയത്തെക്കുറിച്ചത്രേ സംസാരിച്ചത്.

യോഹ. 14:23 യേശു അവനോട്, ആരെങ്കിലും എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം പാലിക്കും, എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസസ്ഥലം ഉണ്ടാക്കുകയും ചെയ്യും.

I. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് ഒരുമ കാക്കുന്നതിനുവേണ്ടി പരിണതിപ്രാപിച്ച ആത്മാവിന്റെ ദിവ്യവും മാർമികവുമായ മണ്ഡലത്തിൽ ജീവിക്കുന്നതാണ്—7:39; 14:16-20; 16:13; 17:11, 21, 23.

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

യോഹ. 14:16 ഞാൻ പിതാവിനോടു ചോദിക്കുകയും, അവൻ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിനു, മറ്റൊരു കാര്യസ്ഥനെ നിങ്ങൾക്കു നൽകുകയും ചെയ്യും,

യോഹ. 14:17 യാഥാർഥ്യത്തിന്റെ ആത്മാവിനെത്തന്നെ, ലോകം അവനെ കാണുകയോ അറിയുകയോ ചെയ്യാത്തതിനാൽ അതിന് അവനെ

സ്വീകരിക്കുവാൻ കഴിയുകയില്ല; എന്നാൽ അവൻ നിങ്ങളോടുകൂടെ വസിക്കുന്നതിനാലും, നിങ്ങളിൽ ആകും എന്നതിനാലും, നിങ്ങൾ അവനെ അറിയുന്നു.

യോഹ. 14:18 ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നു.

യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

യോഹ. 17:11 ഇനിമേൽ ഞാൻ ലോകത്തിൽ ഇല്ല; എങ്കിലും അവർ ലോകത്തിലാകുന്നു, ഞാനോ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ ഒന്നാകേണ്ടതിന്, എനിക്കു നൽകിയിരിക്കുന്ന നിന്റെ നാമത്തിൽ നീ അവരെ സൂക്ഷിക്കേണമേ.

യോഹ. 17:21 നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിക്കേണ്ടതിന്, അവർ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കേണ്ടതിനു തന്നെ.

യോഹ. 17:23 നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിച്ചിരിക്കുന്നതുപോലെ അവരെ സ്നേഹിച്ചിരിക്കുന്നു എന്നും ലോകം അറിയേണ്ടതിനു, ഞാൻ അവരിലും നീ എന്നിലുമായി, അവർ ഒന്നായി തികഞ്ഞവരാകേണ്ടതിനു തന്നെ.

J. പിതാവിന്റെ ഭവനമായ സഭയിൽ ജീവിക്കുന്നത് വീണ്ടെടുക്കപ്പെട്ടവരും വീണ്ടുംജനിച്ചവരുമായ ത്രിഭാഗീയ വിശ്വാസികളുമായുള്ള പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ ദിവ്യവും മാനുഷികവുമായ സംയോജനത്തിൽ ജീവിക്കുന്നതാണ്—14:10-11, 20.

യോഹ. 14:10 ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്നു നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനങ്ങൾ എന്നിൽനിന്നല്ല ഞാൻ സംസാരിക്കുന്നത്, എന്നിൽ വസിക്കുന്ന പിതാവ് അവന്റെ പ്രവൃത്തികൾ ചെയ്യുന്നതത്രേ.

യോഹ. 14:11 ഞാൻ പിതാവിലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിക്കുവിൻ; ഇല്ലെങ്കിൽ, പ്രവൃത്തികൾ നിമിത്തം വിശ്വസിക്കുവിൻ.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.